**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1034 30.10.2019-ലെ മറുപടി**

**2024 ൽ എല്ലാ വീട്ടുകൾക്കും കുടിവെള്ള കണക്ഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | 2024 ൽ രാജ്യത്തെ എല്ലാ വീട്ടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | 2024 ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ വീട്ടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുമെന്ന് ബഹു. പ്രധാനമന്ത്രി 2019 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യ ദിനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ എന്ന പേരിൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീട്ടുകൾക്കും 2024 ഓടു കൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കാനുള്ള പദ്ധതിയാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതിയുടെ മാർഗ്ഗരേഖ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല |
| ബി) | പ്രസ്തുത പ്രഖ്യാപനം സംസ്ഥാനത്ത് നടപ്പിലാക്കണമെങ്കിൽ പുതുതായി എത്ര കണക്ഷൻ നൽകേണ്ടി വരും; അറിയിക്കാമോ; | ബി) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ എല്ലാ വീട്ടുകളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കണമെങ്കിൽ ഏകദേശം 50 ലക്ഷം വീട്ടുകൾക്ക് പുതുതായി കണക്ഷൻ നൽകേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായമായി എന്ത് തുകയാണ് ലഭിക്കുക; അറിയിക്കാമോ; | സി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50 : 50 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുക എന്നതാണ് ലഭ്യമായ വിവരം |
| ഡി) | സംസ്ഥാനത്തെ ഗ്രാമീണ മേഖലകളിലും നഗരങ്ങളിലുമുള്ള എത്ര ശതമാനം വീട്ടുകളിൽ നിലവിൽ പൈപ്പ് വെള്ളം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ ? | ഡി) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ കേരള ജല അതോറിറ്റി, ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ വഴി ഏകദേശം 33% വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. നഗര മേഖലയിൽ ഏകദേശം 67% വീട്ടുകളിലാണ് ജല അതോറിറ്റി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നിലവിലുള്ളത്. |

Renuka Sankar

സെക്ഷൻ ഓഫീസർ